**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

| | | | |
|---|---|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T1221** | | **02.05.2017-ൽ മറുപടിയ്ക്ക്** | |
| **ക്ഷേമ പെൻഷൻ** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | സംസ്ഥാന സർക്കാർ നേരിട്ട് നൽകുന്ന ക്ഷേമ പെൻഷൻ ലഭിച്ചുകൊണ്ടിരുന്ന ഏതെങ്കിലും ഗുണഭോക്താവിന് ആയത് റദ്ദ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരുടെ പെൻഷനാണ് റദ്ദ് ചെയ്തത്; കാരണം വ്യക്തമാക്കുമോ; | (എ) | സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ അർഹത സംബന്ധിച്ച സത്യപ്രസ്താവന നൽകാത്തതിനാലോ നൽകിയ സത്യപ്രസ്താവനയിൽ സർവ്വീസ് പെൻഷണർ, ആദായ നികുതി ദായകർ, 2 ഏക്കറിലധികം ഭൂമി ഉള്ളവർ, വിധവാ പെൻഷൻ കൈപ്പറ്റുന്നവർ, പുനർവിവാഹിതർ എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുള്ളതിനാലോ, 355519 ഗുണഭോക്താക്കളുടെ പെൻഷൻ തടഞ്ഞു വച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതിയതായി ക്ഷേമപെൻഷൻ ലഭിച്ചുതുടങ്ങിയവർ എത്ര പേരാണ്? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 590426 പേർക്ക് പുതിയതായി പെൻഷൻ ലഭിച്ചു തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ